# Syro-Malabar Eparchy of St Thomas, the Apostle, Melbourne

MY LORD MY GOD

Prot. No. MPL: 68/24/4 31 July 2024

## സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ട വൈദീകരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

വയനാട് ജില്ലയിലെ ചൂരൽമല, മുണ്ടക്കൈ, അട്ടമല എന്നിവടങ്ങളിൽ ജൂലൈ മാസം 30–ാം തിയതി ചൊവ്വാഴ്ച ഉണ്ടായ ഉരുൾപൊട്ടലിലും പേമാരിയിലും വെള്ളപ്പൊക്കത്തിലും നിരവധിയാളുകൾ മരിക്കുകയും അനേകംപേർക്ക് എല്ലാം നഷ്ടപ്പെടുകയും ചെയ്ത ദാരുണമായ വാർത്ത ഇതിനോടകം നിങ്ങൾ എല്ലാവരും വാർത്തമാധ്യമങ്ങളിലൂടെ അറിഞ്ഞുകാണുമല്ലോ. തികച്ചും ഹൃദയഭേദകമായ വാർത്തകളാണ് അവിടെനിന്ന് വരുന്നത്. ഒറ്റരാത്രികൊണ്ട് ജീവൻ നഷ്ടപ്പെട്ടവർ, ഉറ്റവരേയും ഉടയവരേയും നഷ്ടപ്പെട്ടവർ, വീട് നഷ്ടപ്പെട്ടവർ, അപകടങ്ങൾ സംഭവിച്ചവർ, ഇവർക്കെല്ലാവർക്കും വേണ്ടി നമുക്ക് നല്ല തമ്പുരാനോട് ആത്മാർഥമായി പ്രാർത്ഥിക്കാം. അതോടൊപ്പം സമാനതകൾ ഇല്ലാത്ത ഈ പ്രകൃതി ദുരന്തത്തിൽ വിറങ്ങലിച്ചു നിൽക്കുന്ന നമ്മുടെ സഹോദരങ്ങളെ നമ്മളാൽ കഴിയുന്ന വിധത്തിൽ സഹായിക്കുക എന്നത് നമ്മുടെ കടമയായാണ്. സർവ്വതും നഷ്ടപ്പെട്ട് ദുരിതമനുഭവിക്കുന്ന ഈ സഹോദരങ്ങളെ സഹായിക്കുന്നതിനുവേണ്ടി അടുത്ത ഞായറാഴ്ച (11 ഓഗസ്റ്റ് 2024) നമ്മൾ പ്രത്യേക സ്തോത്ര കാഴ്ച എടുക്കുകയാണ്. ഏവരുടേയും ആത്മർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

സർവ്വേശ്വരൻ എല്ലാവരേയും ധാരാളമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ,

**മാർ ജോൺ പനംതോട്ടത്തിൽ CMI**

ഈ സർക്കുലർ 2024 ഓഗസ്റ്റ് 4–ാം തിയതി ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.